തളിപ്പറമ്പ വൈസ്മെനറ്റ്സ് പ്രവർത്തകർ ശേഖരിച്ച അവശ്യസാധനങ്ങളുമായി മാനന്തവാടിയിലേക്ക് പുറപ്പെടുന്ന വാഹനത്തിന്റെ ഫ്ളാഗ് ഓഫ് തളിപ്പറമ്പ എസ്.ഐ കെ. ദിനേശൻ നിർവഹിക്കുന്നു.

പയ്യന്നൂർ തെരുവിലെ സെറിബ്രൽ പാൾസി രോഗബാധിതയായ എ.വി. സന്ദീപ രണ്ട് മാസത്തെ പെൻഷൻ തുകയായ 2,200രൂപ നഗരസഭ ചെയർമാൻ അഡ്വ. ശശി വട്ടക്കൊവ്വലിന് കൈമാറുന്നു.

ഏരുവേശ്ശി പഞ്ചായത്ത് അഞ്ച് ലക്ഷം രൂപ നൽകും

പയ്യാവൂർ: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഏരുവേശ്ശി പഞ്ചായത്ത് അഞ്ച് ലക്ഷം രൂപ സംഭാവന നൽകും. കഴിഞ്ഞ ദിവസം നടന്ന പഞ്ചായത്ത് ഭരണസമിതി യോഗത്തിലാണ് ഇതുസംബന്ധിച്ച് തീരുമാനമെടുത്തത്. നേരത്തെ ഏരുവേശി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും തങ്ങളുടെ ഒരു മാസത്തെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകാൻ തയ്യാറായിരുന്നു.

സൗജന്യ നിയമ സഹായ സ്റ്റാൾ ഉദ്ഘാടനം ചെയ്തു

കണ്ണൂർ: ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സൗജന്യ നിയമസഹായ സ്റ്റാൾ കണ്ണൂർ സ്പെഷൽ വിജിലൻസ് ജഡ്ജ് കെ. ബൈജുനാഥ് ഉദ്ഘാടനം ചെയ്തു. കണ്ണൂർ കുടുംബ കോടതി ജഡ്ജ് എൻ.ആർ. കൃഷ്ണകുമാർ, സബ് ജഡ്ജ് സി. സുരേഷ് കുമാർ, ജഡ്ജിമാരായ ബിന്ദു സുധാകരൻ, എം.സി. ആന്റണി, ആർ. വന്ദന, അഭിഭാഷകരായ വി.പി. പ്രേമരാജൻ, ആർ.എസ്. സുജിത, ബാലകൃഷ്ണൻ, ഡി. എൽ.എസ്.എ സെക്ഷൻ ഓഫിസർ എം.പി. അബ്ദുൾ അനസ്, എൻ.പി. ഷോളി സംസാരിച്ചു. വാഴയിൽ ഭാസ്കരൻ, പി.സി. രാഗേഷ്, പി.വി. പവിത്രൻ നേതൃത്വം നൽകി.

അനുസ്മരിച്ചു

കണ്ണൂർ: സി.പി.എം നേതാവായിരുന്ന വി.വി. ദക്ഷിണാമൂർത്തി അനുസ്മരണം സി. കണ്ണൻ സ്മാരക ഹാളിൽ സി.ഐ.ടി.യു ജില്ലാ ജനറൽ സെക്രട്ടറി കെ. മനോഹരൻ ഉദ്ഘാടനം ചെയ്തു. ടി.ഐ. മധുസൂദനൻ അധ്യക്ഷത വഹിച്ചു. സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി കെ.പി. സഹദേവൻ, എം. കുഞ്ഞമ്പു, എം.സി. ഹരീന്ദ്രൻ പ്രസംഗിച്ചു. കെ. രവീന്ദ്രൻ സ്വാഗതം പറഞ്ഞു.

പൊയ്യിൽ ഖുവ്വത്തുൽ ഈമാൻ ജമാഅത്ത് കമ്മിറ്റി ദുരിതാശ്വാസനിധിയിലേക്ക് പിരിച്ചെടുത്ത തുക ജുമാമസ്ജിദ് ഖത്തീബ് അനസ് ബാഖവിയുടെ സാന്നിധ്യത്തിൽ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറുന്നു

സംസ്കൃതി കീഴാറ്റൂരിന്റെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള തുക സെക്രട്ടറി കെ. ബിജുമോൻ മന്ത്രി ഇ.പി. ജയരാജന് കൈമാറുന്നു.

അനുപും നയനയും വിവാഹവേദിയിൽ വെച്ച് ദുരിതാശ്വാസ ഫണ്ടിലേക്കുള്ള തുക സി.പി.എം തളിപ്പറമ്പ് ഏരിയാ സെക്രട്ടറി പി. മുകുന്ദന് കൈമാറുന്നു.

ദുരിതാശ്വാസത്തിന് കൈത്താങ്ങായി നവദമ്പതികൾ

പരിയാരം: വിവാഹസൽക്കാര ചടങ്ങിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി നവദമ്പതികൾ മാതൃകയായി. അമ്മാനപ്പാറയിലെ അനൂപ്-നയന ദമ്പതികളാണ് കഴിഞ്ഞ ദിവസം പ്രളയദുരിതാശ്വാസത്തിൽ കൈത്താങ്ങായി പതിനായിരം രൂപ സംഭാവന ചെയ്തത്. സി.പി.എം തളിപ്പറമ്പ ഏരിയാ സെക്രട്ടറി പി.മുകുന്ദൻ തുക ഏറ്റുവാങ്ങി. സി.പി.എം തിരുവട്ടൂർ ലോക്കൽ കമ്മിറ്റി യംഗം വി.വി. പത്മനാഭന്റെയും പരിയാരം സർവീസ് സഹകരണ ബാങ്ക് ജീവനക്കാരി അനിതയുടെയും മകനാണ് അനൂപ്. നിശ്ചയിച്ചുറപ്പിച്ച വിവാഹസൽക്കാരം വേണ്ടെന്നുവയ്ക്കുന്നതിലെ അനൗചിത്യം കണക്കിലെടുത്താണ് അതിഥികൾക്ക് വിരുന്നൊരുക്കിയതെന്ന് പത്മനാഭൻ ചൂണ്ടിക്കാട്ടി.

അനധികൃത വ്യാപാര സ്ഥാപനങ്ങളുടെ മറവിൽ ടി.സി.ബി റോഡിൽ വ്യാപക കയ്യേറ്റം

ആലക്കോട്: തളിപ്പറമ്പ്-ആലക്കോട്-കൂർഗ് ബോർഡർ റോഡിൽ കയ്യേറ്റങ്ങൾ തുടർക്കഥയായിട്ടും അധികൃതർ നടപടിയെടുക്കുന്നില്ലെന്ന് പരാതി. അനധികൃത വ്യാപാര സ്ഥാപനങ്ങളുടെയും തട്ടുകടകളുടെയും മറവിലാണ് കയ്യേറ്റങ്ങൾ വ്യാപകമായിരിക്കുന്നത്. കരുവഞ്ചാൽ പാലത്തിന് സമീപം ന്യൂബസാറിലാണ് കയ്യേറ്റങ്ങൾ ഏറ്റവുമധികമുള്ളത്. ഇവിടെ ചുരുങ്ങിയ കാലത്തിനുള്ളിൽ നിരവധി ഷെഡുകളാണ് ചില കേന്ദ്രങ്ങൾ റോഡ് കയ്യേറി സ്ഥാപിച്ചിരിക്കുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ ദിശാ ബോർഡ് വരെ കയ്യടക്കിയാണ് ഇലിടെ ഷെഡുകൾ കെട്ടിയിരിക്കുന്നത്. റവന്യൂ അധികൃതരുടെ മൂക്കിന് കീഴെ നടക്കുന്ന കയ്യേറ്റമായിട്ടും ആരും ഇത് അറിഞ്ഞ ഭാവം പോലും നടക്കുന്നില്ല. ഒറ്റ രാത്രി കൊണ്ടാണ് പല ഷെഡുകളും ഇവിടെ പ്രത്യക്ഷപ്പെടുന്നത്. വ്യാപാര സ്ഥാപനങ്ങളുടെ മറവിലുള്ള ഇത്തരം ഷെഡുകൾ മറിച്ച് വിൽപ്പന നടത്തിയും ചിലർ ലാഭം കൊയ്യുന്നുണ്ട്. റോഡിൽ നിന്ന് മാറ്റി സ്ഥാപിക്കാൻ തൊട്ടടുത്ത് തന്നെ സ്ഥല മുണ്ടെങ്കിലും ഇതിന് പോലും ശ്രമിക്കാതെയാണ് റോഡ് കയ്യേറി മീൻ വിൽപ്പന ഉൾപ്പെടെ നടന്നുവരുന്നത്.

ടി.സി.ബി റോഡിലെ കരുവഞ്ചാൽ ന്യൂബസാറിൽ പൊതുമരാമത്ത് വകുപ്പ് ദിശാബോർഡ് കയ്യേറി ഷെഡ് കെട്ടിയനിലയിൽ.

നേരത്തെ ചുരുങ്ങിയ ആളുകൾ മാത്രമുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ അവരുടെ നിലനിൽപ്പിന് പോലും ഭീഷണിയാകുന്ന വിധത്തിലാണ് അനധികൃത കയ്യേറ്റങ്ങൾ തുടർക്കഥയായിരിക്കുന്നത്. ഗതാഗത തടസം ഉൾപ്പെടെ നിരവധി പ്രശ്നങ്ങളാണ് അനധികൃത കയ്യേറ്റം കരുവഞ്ചാലിൽ ഇപ്പോൾ ഉയർത്തിക്കൊണ്ടിരിക്കുന്നത്. കാൽനടയാത്രക്കാർക്ക് ന്യൂബസാറിൽ വഴി നടക്കാൻ പോലും സ്ഥലമില്ലാത്ത അവസ്ഥയാണ്. കരുവഞ്ചാലിന് പുറമെ മലയോര മേഖലയുടെ പല ഭാഗങ്ങളിലും ടി.സി.ബി റോഡ് കയ്യേറ്റങ്ങൾ വ്യാപകമാണ്. ഉപജീവനത്തിന് വേണ്ടി തൊഴിൽ ചെയ്യുന്നവരെ പോലും വഴിയോരമാക്കുന്ന വിധത്തിലായി അനധികൃത കയ്യേറ്റങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്.

ഇരുവൃക്കകളും തകരാറിലായ ഗൃഹനാഥൻ കാരുണ്യമതികളുടെ സഹായം തേടുന്നു

ആലക്കോട്: ഇരു വൃക്കകളും തകരാറിലായതിനെ തുടർന്ന് ഗുരുതരനിലയിൽ ചികിത്സയിൽ കഴിയുന്ന ഗൃഹനാഥൻ കാരുണ്യമതികളുടെ സഹായം തേടുന്നു. ബാലപുരം സ്വദേശിയും നിർമ്മാണ തൊഴിലാളിയുമായ മാഞ്ചിയ്ക്കൽ സോമനാണ് (56) സഹായം തേടുന്നത്. ദീർഘകാലമായി വൃക്കരോഗത്തിന് ചികിത്സയിൽ കഴിയുന്ന ഇദ്ദേഹം ഇപ്പോൾ പരിയാരം മെഡി. കോളേജിൽ ഗുരുതരാവസ്ഥയിലാണ്. ലക്ഷക്കണക്കിന് രൂപയാണ് ചികിത്സക്ക് വേണ്ടി വരുന്നത്. ഇതിനുള്ള യാതൊരു സ്ഥിതിയും സോമന്റെ നിർധനമായ കുടുംബത്തിനില്ല. ഭാര്യയും മൂന്ന് മക്കളും അടങ്ങുന്നതാണ് കുടുംബം. ഇവരുടെ അസസ്ഥ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് രാഷ്ട്രീയ-സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ പ്രവർത്തകർ ചേർന്ന് പഞ്ചായത്ത് മെമ്പർമാരായ പി.ജെ. മാത്യു ചെയർമാനും സജി ഓതറ കൺവീനറുമായി സോമൻ ചികിത്സാ സഹായ കമ്മിറ്റി രൂപീകരിച്ചു. സൗത്ത് ഇന്ത്യൻ ബാങ്കിന്റെ കരുവഞ്ചാൽ ബ്രാഞ്ചിൽ 0673053000005322 (എ.ഐ.എഫ്.എസ്.സി കോഡ് SIBL 0000673) നമ്പർ അക്കൗണ്ടും ആരംഭിച്ചിട്ടുണ്ട്. കാരുണ്യമതികൾ സഹായിക്കണമെന്ന് കമ്മിറ്റി ഭാരവാഹികൾ അഭ്യർത്ഥിച്ചു. ഫോൺ: 8547861222, 9744706461

ഇന്ധന വില വർദ്ധന ക്രൂരം, സർക്കാറുകൾ നികുതി കുറക്കാൻ തയ്യാറാവണം: സതീശൻ പാച്ചേനി

കണ്ണൂർ: ഇന്ധന വിലവർദ്ധനവ് കൊണ്ട് ജനം പൊറുതിമുട്ടിയിരിക്കുകയാണ്. സാധാരണക്കാർക്ക് കൂടുതൽ സാമ്പത്തിക ക്ലേശം നല്കുന്ന ഈ നടപടിയിൽ നിന്നും കേന്ദ്ര സർക്കാർ അടിയന്തിരമായും പിൻ വലിയണമെന്നും ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ആവശ്യപ്പെട്ടു. വില നിയന്ത്രിക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ജനജീവിതം കൂടുതൽ ദുരിതപൂർണ്ണമാവും. ക്രൂഡോയിൽ വില കുറയുമ്പോൾ വില്പന നികുതി കൂട്ടി സർക്കാർ പണം ഉണ്ടാക്കുന്ന നടപടി ജനാധിപത്യ രാജ്യത്തിലെ ഭരണാധികാരികൾക്ക് യോജിച്ചതല്ല. രണ്ടാഴ്ചയിൽ ഒരിക്കൽ വില നിർണ്ണയം നടത്തിയിരുന്ന സ്ഥാനത്ത് കഴിഞ്ഞ ജൂണിൽ വില നിർണ്ണയം പ്രതിദിനമാടിസ്ഥാനത്തിൽ ആക്കിയതിന് ശേഷം പെട്രോളിയം ഉല്പന്നങ്ങളുടെ വില 11.5 ശതമാനത്തിലധികം ഉയർന്ന് കഴിഞ്ഞിരിക്കുകയാണ്. പെട്രോളിന്റെയും ഡീസലിന്റെയും വിലയിൽ മുഖ്യപങ്ക് കേന്ദ്ര സംസ്ഥാന സർക്കാറുകൾ ഈടാക്കുന്ന നികുതിയാണെന്നിരിക്കെ ഇന്ധന നികുതിയിൽ പ്രതിമാസം ലഭിക്കുന്ന വലിയ തുക കണ്ട് ആഹ്ളാദം പ്രകടിപ്പിക്കുന്ന ഭരണകർത്താക്കൾ നാടിന് ശാപമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിച്ച സാഹചര്യത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട അധിക വില്പന നികുതി ഉപേക്ഷിച്ച് കൊണ്ട് മറ്റ് സംസ്ഥാനങ്ങൾക്ക് കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ മാതൃകയായിരുന്നു.അധിക വില്പന നികുതി ഉപേക്ഷിച്ച് കഴിഞ്ഞ ഗവൺമെന്റ് കാണിച്ച മാതൃക തുടരാനെങ്കിലും പിണറായി സർക്കാർ തയ്യാറാവണമെന്ന കർത്താക്കൾ ജനക്ഷേമം മുൻനിർത്തി നികുതി കുറച്ച് ജനങ്ങളുടെ ദുരിതത്തിന് അറുതി വരുത്താൻ തയ്യാറാവണം. അദ്ദേഹം ആവശ്യപ്പെട്ടു.

കാസിയ പ്രശ്നത്തിൽ വീഡിയോ കോൺഫറൻസ്; പങ്കെടുക്കില്ലെന്ന്

കണ്ണൂർ: ആയുർവേദ മരുന്നിലും മസാലകളിലും ഉപയോഗിക്കുന്ന വ്യാജ കറുവപ്പട്ടയായ കാസിയ ഇറക്കുമതി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ 11ന് നടക്കുന്ന വീഡിയോ കോൺഫറൻസിൽ നിന്ന് വിട്ടുനിൽക്കുമെന്ന് കാസിയക്കെതിരേ നിയമപോരാട്ടം നടത്തുന്ന കണ്ണൂരിലെ ലിയോണാർഡ് ജോൺ വാർത്താസമ്മേളനത്തിൽ അറിയിച്ചു. കേന്ദ്ര ഇൻഫർമേഷൻ കമ്മീഷണറാണ് വീഡിയോ കോൺഫറൻസ് നടത്തുന്നത്. കാസിയ പ്രശ്നം കോടതിയിലെത്തുന്നത് തടയാനുള്ള ഉദ്യോഗസ്ഥ ശ്രമമാണ് വീഡിയോ കോൺഫറൻസെന്ന് അദ്ദേഹം ആരോപിച്ചു. കാസിയ ഇറക്കുമതി തടയുന്നതിൽ വിവരാവകാശ കമ്മീഷന്റെ അധികാരം പരിമിതമാണ്. ശാശ്വതപരിഹാരത്തിന് കോടതി ഇടപെടൽ മാത്രമേ സാധിക്കൂ. ആരോഗ്യമേഖല സംസ്ഥാന വിഷയമായതിനാൽ കേന്ദ്ര ആയുഷ് വകുപ്പിനും പരിമിതിയുണ്ട്. മാരകമായ കാൻസർ രോഗത്തിന് കാരണമാകാവുന്ന കാസിയ ശരീരത്തിലെ വൃക്ക, കരൾ തുടങ്ങിയ അവയവങ്ങളെ നേരിൽ ബാധിക്കുന്നതാണെന്നിരിക്കെ ഇറക്കുമതി തടയാൻ ഒരു നടപടിയും സ്വീകരിക്കുന്നില്ല. വീഡിയോ കോൺഫറൻസിലൂടെ തയ്യാറാക്കുന്ന രേഖയിൽ പങ്കാളിയാകുന്നത് കോടതി വിധിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. ഇതു തന്നെയാകാം അധികൃതരുടെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ശ്രീകണ്ഠപുരം പഴയങ്ങാടി നിവാസികൾ മസ്ക്കത്തിൽ ഒത്തുകൂടി

പി.ടി.എ. ശുക്കൂർ, എം.കെ. ശമീർ, വി.പി. ജുബൈർ

ശ്രീകണ്ഠപുരം: ശ്രീകണ്ഠപുരം പഴയങ്ങാടി നിവാസികളുടെ സംഗമം മസ്ക്കത്തിൽ നടന്നു. പി.ടി.എ.റഷീദ്, കെ.മുനീർ, അഫ്സൽ കായക്കുൽ, എ.കെ.മൊയ്തീൻ, എം.കെ.ഷാനവാസ്, വി.പി.ശംസീർ, എ.പി.അനസ് സംസാരിച്ചു. ഭാരവാഹികളായി പി.ടി.എ.ശുക്കൂർ (ചെയർമാൻ). അലി അൽ ഖുബ്ബ, എ.പി.ശഫീഖ് (വൈസ് ചെയർമാൻ), എം.കെ.ശമീർ (ജന. കൺവീനർ), വി.പി. ജുബൈർ (ട്രഷറർ) എന്നിവരെയും തിരഞ്ഞെടുത്തു.

പെട്രോൾ വില വർധനവിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ തളിപ്പറമ്പ് ഏരിയാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ 'ഉന്തും തള്ളും' സമരം

പെട്രോൾ വിലവർധനവിനെതിരെ എസ്.എഫ്.ഐയുടെ 'ഉന്തും തള്ളും' സമരം

തളിപ്പറമ്പ: ഇന്ധനവില വർധനവിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ തളിപ്പറമ്പ ഏരിയാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 'ഉന്തും തള്ളും പ്രതിഷേധ കൂട്ടായ്മ സംഘടിപ്പിച്ചു. തളിപ്പറമ്പ നഗരത്തിലൂടെ ഇരുചക്രവാഹനങ്ങൾ തള്ളിക്കൊണ്ടായിരുന്നു പ്രതിഷേധം. സി.പി.എം തളിപ്പറമ്പ ഏരിയ സെക്രട്ടറി പി.മുകുന്ദൻ ഉദ്ഘാടനം ചെയ്തു. എസ്.എഫ്.ഐഏരിയ പ്രസിഡണ്ട് നന്ദകിഷോർ അധ്യക്ഷനായി. ജില്ലാ വൈസ് പ്രസിഡണ്ട് പ്രജീഷ്ബാബു സംസാരിച്ചു. ഏരിയ സെക്രട്ടറി ശ്രീകുമാർ സ്വാഗതവും ലാവണ്യ രാജീവ് നന്ദിയും പറഞ്ഞു.

വിനായക ചതുർത്ഥി മഹാഗണപതി ഹോമം 13ന്

പറശിനിക്കടവ്: ആന്തൂർ വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ വിനായക ചതുർത്ഥി ദിവസം നടത്തിവരാറുള്ള മഹാഗണപതി ഹോമം 13ന് കുറുവക്കാട് ഇല്ലത്ത് നാരായണൻ നമ്പൂതിരിയുടെ മുഖ്യകാർമ്മികത്വത്തിൽ നടക്കും

നോട്ടീസ്

2010 മാർച്ചിലെ 123075 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്. എസ്. എൽ. സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

ജസ്റ്റിൻ. കെ.
S/o. പ്രേമൻ. കെ.
ജസ്റ്റിൻ നിവാസ്
തോട്ടാറമ്പ, പുളിമ്പറമ്പ
തളിപ്പറമ്പ പി.ഒ, കണ്ണൂർ Dt-670141